# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2124 — 22.01.2014-ൽ മറുപടിയ്ക്ക്

## തിരുവല്ല നടപ്പാതയിൽ സ്റ്റേജ് കെട്ടി പൊതുപരിപാടി

**ചോദ്യം**

ശ്രീ. മാത്യു റ്റി.തോമസ്

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) തിരുവല്ല എസ്.സി.എസ് കവലയിൽ ജോയ് ആലുക്കാസ് എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെ മുമ്പിൽ നടപ്പാതയിൽ സ്റ്റേജ് കെട്ടിയും, എം.സി റോഡിൽ കസേരകളിട്ടും 2013 ഡിസംബർ 31- ാം തീയതി വൈകുന്നേരം പൊതുപരിപാടി നടത്തിയതിനു പോലീസ് അനുമതി നൽകിയിരുന്നോ;

(എ) അനുമതി നൽകിയിരുന്നില്ല.

(ബി) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പരിപാടി അവിടെ നടത്തുന്നതിന് മൈക്ക് സാങ്ഷൻ നൽകിയിരുന്നോ;

(ബി) ഇല്ല.

(സി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ അത് അംഗീകൃതമാനദണ്ഡങ്ങൾക്കു വിരുദ്ധമല്ലേ; അനുമതി നൽകിയിട്ടില്ലെങ്കിൽ തിരുവല്ല ആർ.ഡി.ഒയും സി.ഐ.യും ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ നടന്ന പരിപാടിക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പോലീസ് വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ ആരും തന്നെ പങ്കെടുത്തിട്ടില്ല. പ്രസ്തുത പരിപാടിക്കെതിരെ നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ഈ പരിപാടിയുടെ സംഘാടകർ ആരെല്ലാമാണ്;

(ഡി) കേരള സർക്കാരും കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയും സംയുക്തമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്.

(ഇ) പി.ഡബ്ല്യൂ.ഡി റോഡിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള പരിപാടി നടന്ന സ്ഥലത്ത് വാഹനാപകടം ഉണ്ടായതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തിരുവല്ല പോലീസ് സ്റ്റേഷൻ ക്രൈം 2499/13 u/s 279, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ